## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** 10/08/2017 ൽ
**നിയമസഭാ ചോദ്യം നമ്പർ :1336** മറുപടിയ്ക്ക്

### കശുവണ്ടിവ്യവസായം

**ചോദ്യം**
ശ്രീ.ഒ.രാജഗോപാൽ

**ഉത്തരം**
ശ്രീമതി.മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ കശുവണ്ടി വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഇപ്പോൾ എത്രയാണ് ; | (എ) | കശുവണ്ടി വികസന കോർപറേഷനിൽ 10626 പേർക്കും കാപെക്സിൽ 3893 പേർക്കും 215 സ്റ്റാഫംഗങ്ങൾക്കും തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപറേഷനിൽ ഓണത്തിനു മുമ്പ് 1050 തൊഴിലാളികളെ നിയമിക്കുന്നതുമാണ്. |
| (ബി) | കേരളത്തിൽ പ്രതിവർഷം എത്ര ടൺ കശുവണ്ടി ഉല്പാദിപ്പിക്കുന്നു ; എത്ര ടൺ കശുവണ്ടി ഇറക്കുമതി ചെയ്യുന്നു ; | (ബി) | കേരളത്തിൽ ഏകദേശം 75000 ത്തോളം മെട്രിക് ടൺ തോട്ടണ്ടി ഉല്പാദിപ്പിക്കുന്നു. കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ കണക്കനുസരിച്ച് 2016-17 ൽ 770446 മെട്രിക് ടൺ തോട്ടണ്ടിയും 2017-18 ഏപ്രിൽ മുതൽ ജൂൺ വരെ 206535 മെട്രിക് ടൺ തോട്ടണ്ടിയും ഇറക്കുമതി ചെയ്തിട്ടുണ്ട്. |
| (സി) | കശുവണ്ടി മേഖലയിലെ പ്രതിസന്ധിക്ക് കാരണം എന്താണ് ; ഇതു സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; | (സി) | പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖല ഇന്നനുഭവിക്കുന്ന പ്രതിസന്ധിക്കു കാരണം തോട്ടണ്ടിയുടെ ലഭ്യതക്കുറവും കയറ്റുമതിയിൽ മറ്റ് രാജ്യങ്ങളിൽ നിന്ന് നേരിടുന്ന കടുത്ത മത്സരവുമാണ്. തന്മൂലം തൊഴിൽദിനങ്ങൾ കുറയുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നു. മറ്റ് രാജ്യങ്ങളേയും ഇതര സംസ്ഥാന ങ്ങളേയും അപേക്ഷിച്ച് കേരളത്തിൽ ഉല്പാദനചെലവ് കൂടുതലാണ്. ഇത് മൂലം മത്സരാധിഷ്ഠിതമായി ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നു. കേരളാ കാഷ്യൂ ബോർഡ് |

| | | | |
|---|---|---|---|
| | | | ലിമിറ്റഡ് രൂപീകരിക്കുന്നതോടുകൂടി ഈ മേഖലയിലെ പ്രതിസന്ധിയുടെ കാരണങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ